# FIRST TERMINAL EVALUATION – 2019
## SOCIAL SCIENCE - ANSWER KEY

**STD X**


***Colin Jose E***
***Dr.AMMR GOVT HSS Kattela***
***Thiruvananthapuram***

***Biju.M***
***GHSS Parappa***
***Kasargod***


| Sl no | ഉത്തര സൂചകങ്ങൾ | Score |
|---|---|---|
| **Answer any 7 questions from 1 to 8. 2 scores each** | | |
| 1 | A. അമേരിക്കൻ സ്വാതന്ത്ര്യ സമരം<br>B. ഫ്രഞ്ച് വിപ്ലവം | 2 |
| 2 | • പാൻ ജർമ്മൻ പ്രസ്ഥാനം ( ജർമ്മനി )<br>• പ്രതികാര പ്രസ്ഥാനം (ഫ്രാൻസ്) | 2 |
| 3 | ➢ മർദചരിവു മാന ബലം<br>➢ കോറിയോലിസ് പ്രഭാവം | 2 |
| 4 | ◆ വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു<br>◆ കുടുംബം വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു<br>◆ വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം , പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു<br>◆ രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു (any 2) | 2 |
| 5 | ✔ അഴിമതി നിയന്ത്രിക്കുക<br>✔ ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുക<br>✔ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുമാക<br>✔ പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കുക **(any 2)** | 2 |
| 6 | ■ **10.30 am ബുധൻ**<br>4pm - 5.30 Hrs = 10.30 am | 2 |
| 7 | ✗ വേനൽക്കാലത്തിൽ നിന്നും ശൈത്യകാലത്തിലേക്കുള്ള പരിവർത്തനകാലം<br>✗ മരങ്ങൾ ഇലപൊഴിക്കുന്ന കാലം | 2 |
| 8 | • അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക - സൈനിക സഹായം നൽകി<br>• സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു<br>• തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഭരണകൂടങ്ങളെ അട്ടിമറിച്ചു<br>• മാധ്യമങ്ങളെ തങ്ങളുടെ താത്പര്യങ്ങൾക്കായി ഉപയോഗിച്ചു | 2 |

**Answer any 6 questions from 9 to 15. 3 scores each**

**9** — Score: **3**

**മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്തോടെ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ വാണിജ്യ നയമാണ് <u>മെർക്കന്റലിസം</u>**

- കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ.
- കോളനികളിലെ നിയമപരമായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിച്ചിരിക്കണം.
- കോളനികളിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങളും മറ്റും കോളനിക്കാർ നൽകണം.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിചുങ്കം നൽകണം. (any 2)

**10** — Score: **3**

- ➔ 180 ഡിഗ്രി രേഖാംശ രേഖയാണ് അന്താരാഷ്ട്രദിനാങ്കരേഖ.
- ➔ ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂറിന്റെ സമയവ്യത്യാസം ഉണ്ട്.
- ➔ കരഭാഗം ഒഴിവാക്കിയാണ് ഈ രേഖ കടന്നുപോകുന്നത്.
- ➔ ഈ രേഖാംശരേഖ നേർരേഖയല്ല **(any 3)**

**11** — Score: **3**

- ✔ പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- ✔ സാമൂഹികക്ഷേമം ഉറപ്പുവരുത്താം
- ✔ സംരംഭകത്വം മെച്ചപ്പെടുത്താം
- ✔ തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം
- ✔ സാമ്പത്തിക അന്തരം കുറയ്ക്കാം **(any 3)**

**12** — Score: **3**

| **അഖിലേന്ത്യ സർവീസ്** | **കേന്ദ്രസർവീസ്** | **സംസ്ഥാന സർവീസ്** |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>• കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ:<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>• ഇന്ത്യൻ പോലീസ് സർവീസ് (IPS) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>• കേന്ദ്രഗവണ്മെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ :<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവെ സർവീസ് | • സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു<br>• സംസ്ഥാന ഗവൺമെന്റിന് കിഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ:<br>• സെയിൽസ് ടാക്സ് ഓഫീസർ |

| | | |
|---|---|---|
| **13** | ➢ യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി<br>➢ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു<br>➢ അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച്ച വരുത്തി<br>➢ ബാങ്കുകൾ തകർന്നു<br>➢ പണപ്പെരുപ്പം വർധിച്ചു<br>➢ തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി **(any 3)** | **3** |
| **14** | ◆ സൂര്യന്റെ അയനം<br>◆ കോറിയോലിസ് പ്രഭാവം<br>◆ താപനത്തിലെ വ്യത്യാസങ്ങൾ | **3** |
| **15** | ✗ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതി നൽകാനുള്ള സംവിധാനമാണ് **ഓംബുഡ്സ്മാൻ**<br>✗ ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ് മാനെ സമീപിക്കാം<br>✗ പരാതി ലഭിച്ചാൽ ആരെയും വിളിച്ചുവരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും അദ്ദേഹത്തിന് അധികാരമുണ്ട്<br>✗ വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത് | **3** |
| | **Answer any 9 questions from 16 to 25. 4 scores each** | |
| **16** | (see table below) | **4** |

| **A** | **B** |
|---|---|
| യാസർ അറാഫത് | പാലസ്തീൻ വിമോചന സംഘടന |
| ഗോർബചെവ് | സോവിയറ്റ് യൂണിയൻ |
| അഹമ്മദ് സുക്കർണോ | ചേരി ചേരാ പ്രസ്ഥാനം |
| അഡോൾഫ് ഹിറ്റ്ലർ | ഗസ്റ്റപ്പോ |

| | | |
|---|---|---|
| **17** | ➢ ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.<br>➢ യൂറോപ്യൻ രാജ്യങ്ങളുടെ സമ്പത്തികനില താറുമാറായി.<br>➢ യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തർന്നു.<br>➢ ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.<br>➢ അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.<br>➢ ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു. (any 4) | **4** |
| **18** | **ഉത്തരായനം**<br>➢ ഡിസംബർ 22 ശൈത്യ  അയനന്തദിനത്തെത്തുടർന്ന് സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള അയനം ആരംഭിക്കുകയും ജൂൺ 21 ന് ഉത്തരായന രേഖയ്ക്ക് നേർമുകളിലെത്തുകയും ചെയ്യുന്നു<br>➢ ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്നു വിളിക്കുന്നു<br>➢ ഈ കാലത്ത് ഉത്തരാർദ്ധഗോളത്തിൽ  പകലിന്റെ ദൈർഘ്യം കൂടിവരുന്നു | **4** |

| | | |
|---|---|---|
| | **ദക്ഷിണായനം**<br>✔ ജൂൺ 21 ഗ്രീഷ്മ അയനന്തദിനത്തെത്തുടർന്ന് സൂര്യൻ ഉത്തരായന രേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് അയനം ആരംഭിക്കുകയും ഡിസംബർ 22 ന് ദക്ഷിണായനരേഖയ്ക്ക് നേർമുകളിലെത്തുകയും ചെയ്യുന്നു<br>✔ ഉത്തരായന രേഖയിയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്നു വിളിക്കുന്നു<br>✔ ഈ കാലത്ത് ഉത്തരാർദ്ധഗോളത്തിൽ പകലിന്റെ ദൈർഘ്യം കുറയുന്നു | |
| 19 | **ലോക്പാൽ.**<br>➢ ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനമാണ് ലോക്പാൽ.<br>➢ പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ലോക്പാലിന് അധികാരമുണ്ട്.<br>**ലോകായുക്ത.**<br>➢ സംസ്ഥാനതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനമാണ് ലോകായുക്ത.<br>➢ കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്. | 4 |
| 20 | • എല്ലാ രംഗങ്ങളിലും വംശീയവിവേചനം പുലർത്തി<br>• ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു<br>• അടിമകളെപ്പോലെ പണിയെടുപ്പിച്ചു<br>• യുറോപ്യരിൽനിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്ക് പകർന്നു<br>• സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി<br>• സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ നടപ്പിലാക്കി<br>• സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു (any4) | 4 |
| 21 | ലൂ — (A) ഉത്തരേന്ത്യ<br>ഫൊൻ — (B) ആൽപ്സ് പർവതനിര<br>(C) ഹർമാറ്റൻ — സഹാറ മരുഭൂമി<br>(D) ചിനുക്ക് — റോക്കി പർവതനിര | 4 |
| 22 | (a) ഒരു രാജ്യത്തിന്റെ മാനകരേഖാംശത്തിലെ സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം (സ്റ്റാൻഡേർഡ് സമയം )<br>(b) 82 1/2 ° പൂർവരേഖാംശം<br>(c) രാജ്യത്താകമാനം ഒരു ഏകീകൃത സമയം ഉണ്ടാകുന്നതിന് | 4 |
| 23 | ➢ വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.<br>➢ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.<br>➢ മെച്ചപ്പെട്ട തൊഴിൽ കിട്ടുന്നു<br>➢ മെച്ചപ്പെട്ട വരുമാനം നേടാനാവുന്നു | 4 |

| | | |
|---|---|---|
| | ➢ ജീവിത നിലവാരം ഉയരുന്നു | |
| **24** | **ഫാഷിസം;**<br>● വംശമഹിമയെ ഉയർത്തിപ്പിടിച്ചു<br>● സൈനിക സ്വേഛാധിപത്യം നടപ്പിലാക്കി<br>● ശത്രുക്കളെ ഉൻമൂലനം ചെയ്തു<br>● ആക്രമണോത്സുകമായ വിദേശനയം നടപ്പിലാക്കി<br>**ഇതേ നയം തന്നെയാണ് നാസിസം ജർമ്മനിയിൽ നടപ്പിലാക്കിയത്**<br>അതുകൊണ്ട് ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പാണ് നാസിസം എന്ന് പറയാം | **4** |
| **25** | • രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ<br>• ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അറിയാൻ<br>• ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ<br>• സാമ്പത്തിക - സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക | **4** |
| | **Qn no: 26 & 27. score 6 each** | |
| **26** | i) **A. ധ്രുവീയ ഉച്ചമർദമേഖല**<br>**B. ഉപോഷ്ണ ഉച്ചമർദമേഖല**<br>ii) **ഉപധ്രുവീയ ന്യൂനമർദമേഖല**<br>ഇവിടുത്തെ തണുത്ത വായു ഭൂമിയുടെ ഭ്രമണം മൂലം മുകളിലേക്ക് ശക്തമായി ചുഴറ്റി എറിയപ്പെടുന്നു. അതിനാൽ ഇവിടെ ന്യൂനമർദം അനുഭവപ്പെടുന്നു.<br>• iii) മധ്യരേഖാ ന്യൂനമർദമേഖലയിൽനിന്നും വായു വൻതോതിൽ മുകളിലേക്ക് ഉയർന്ന് പോകുന്നതിനാൽ ഇവിടെ കാറ്റുകൾ തീരെ ദുർബലമാണ്<br>• ഈ മേഖല നിർവാത മേഖല എന്നും അറിയപ്പെടുന്നു<br>• കാറ്റുകൾ തീരെ ദുർബലമായതിനാൽ പണ്ട് പായ്ക്കപ്പലുകളിൽ സഞ്ചരിച്ചിരുന്ന യാത്രികർക്ക് ഇവിടം പേടിസ്വപ്നമായിരുന്നു<br>**OR** | **6** |

| ആഗോളവാതങ്ങൾ | ദിശ | മർദമേഖലകൾ |
|---|---|---|
| വാണിജ്യവാതങ്ങൾ | ഉത്തരാർദ്ധഗോളത്തിൽ വടക്ക് കിഴക്ക് ദിശയിൽ നിന്ന് വീശുന്നു | ഉപോഷ്ണ ഉച്ചമർദ മേഖലയിൽ നിന്ന് മധ്യരേഖാന്യൂനമർദമേഖലയിലേക്ക് |
| പശ്ചിമവാതങ്ങൾ | പടിഞ്ഞാറുനിന്ന് വീശുന്നു | ഉപോഷ്ണ ഉച്ചമർദ മേഖലയിൽ നിന്ന് ഉപധ്രുവീയ ന്യൂനമർദമേഖലയിലേക്ക് |
| ധ്രുവീയപൂർവവാതങ്ങൾ | കോറിയോലിസ് ബലത്താൽ കിഴക്ക് ദിശയിൽ നിന്ന് വീശുന്നു | ധ്രുവീയഉച്ചമർദ മേഖലയിൽ നിന്ന് ഉപധ്രുവീയ ന്യൂനമർദമേഖലയിലേക്ക് |

| | | |
|---|---|---|
| 27 | **സ്വേഛാധിപത്യഭരണം**<br>➢ ചക്രവർത്തിമാർ ഏകാധിപതികളായിരുന്നു<br>➢ ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം നയിച്ചു<br>➢ ഫ്രാൻസിൽ പത്തിൽ ഒൻപതു പേരും പട്ടിണികൊണ്ട് മരിച്ചപ്പോൾ പത്താമത്തെയാൾ ദഹനക്കേട് ബാധിച്ചാണ് മരിച്ചത്<br>**സാമൂഹിക അസമത്വം**<br>• ഒന്നാം എസ്റ്റേറ്റും രണ്ടാം എസ്റ്റേറ്റും എല്ലാ നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.<br>• അവർ ആഡബര ജീവിതം നയിച്ചു.<br>• **മൂന്നാം എസ്റ്റേറ്റ്** ( മധ്യവർഗക്കാർ ,കർഷകർ ,കൈത്തൊഴിലുകാർ )<br>• താഴ്ന്ന സാമൂഹ്യ പദവി<br>• ഭരണത്തിൽ ഒരാവകാശവുമില്ല<br>• പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും നികുതി നൽകണമായിരുന്നു<br>**ചിന്തകന്മാരുടെ സ്വാധീനം**<br>***വോൾട്ടയർ***<br>• ഉരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു<br>• യുക്തി ചിന്ത ,സമത്വം ,മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപിച്ചു<br>**റൂസ്സോ**<br>• സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന വാക്കുകളിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി<br>• ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു<br>**മോണ്ടെസ്ക്യു**<br>• ജനാധിപ്ത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപിച്ചു<br>• ഗവണ്മെന്റിനെ നിയമനിർമ്മാണം ,കാര്യനിർവഹണം ,നീതിന്യായം എന്നി വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു<br>**(OR )**<br>**ഡോ സൺയാത് സെന്നിന്റെ വിപ്ലവം**<br>✔ മഞ്ചു രാജഭരണത്തിനെതിരെ ചൈനയിൽ വിപ്ലവം നടത്തി<br>✔ ഇത് ചൈനയിൽ രാജവാഴ്ചക്ക് അന്ത്യം കുറിച്ചു<br>**ചിയാങ് കൈഷക്കിന്റെ ഭരണം**<br>✗ സൈനിക ഏകാധിപത്യഭരണത്തിന് തുടക്കം കുറിച്ചു<br>✗ വിദേശശക്തികൾക്ക് ചൈനയിൽ യഥേഷ്ടം ഇടപെടാൻ അവസരമൊരുക്കി<br>✗ തന്റെ നയങ്ങളെ കമ്മ്യൂണിസ്റ്റുകൾ എതിർത്തതിനെത്തുടർന്ന് അവരെ ക്രൂരമായി നേരിട്ടു<br>**മാവോ സെ തുംഗിന്റെ വിപ്ലവം**<br>✗ ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവ്<br>✗ 1934 ൽ ലോങ് മാർച്ച് സംഘടിപ്പിച്ചു<br>✗ മാവോയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേന ചിയാങ് കൈഷക്കിനെ പരാജയപ്പെടുത്തി<br>✗ 1949 ഒക്ടോബർ 1 ന് ചൈന ജനകീയ റിപ്പബ്ലിക്കായി | 6 |

**PREPARED BY**

**COLIN JOSE.E HST (SS)** **BIJU.M HST (SS)**